പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3281 — 14.10.2011-ൽ മറുപടിയ്ക്ക്

കെ. എസ്. ഇ. ബി.യെ കമ്പനിയാക്കുന്ന നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം കെ. എസ്. ഇ. ബിയെ കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ എന്നാണ് രജിസ്റ്റർ ചെയ്തത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ Section 131 പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന KSEB യുടെ ആസ്തി ബാധ്യതകൾ ഒരു കമ്പനിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതുണ്ട്. ഇതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു കമ്പനി 2011 ജനുവരി 14 ന് ഇന്ത്യൻ കമ്പനിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കമ്പനിയിലേക്ക് KSEB യുടെ ആസ്ഥി ബാധ്യതകൾ കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഈ കമ്പനിയടെ ഷെയറുകൾ സ്വകാര്യ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ? | (സി) ഇല്ല. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം കമ്പനിയുടെ ഷെയറുകൾ പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലാണ്. |

സെക്ഷൻ ഓഫീസർ.